(എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യമേഖല നേരിടുന്ന വിപത്തുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവ എന്തെല്ലാമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ ഉൾനാടൻ മത്സ്യബന്ധന മേഖല അമിതമായ മത്സ്യബന്ധന സമ്മർദ്ദം അനുഭവപ്പെടുന്ന പ്രദേശമാണ്. ഊന്നി/ചീനവലകളുടെ അമിതമായ വർദ്ധനവ്, അനധികൃത വലകളുടെ ഉപയോഗം, നിരോധിത മത്സ്യബന്ധന രീതികളുടെ അനധികൃത പ്രവർത്തനം എന്നിവ കൂടാതെ പരിസ്ഥിതിക്ക് ഇണങ്ങാത്ത വികസന പ്രവർത്തനങ്ങൾ ജല മലിനീകരണം അനധികൃത കായൽ കൈയേറ്റം തുടങ്ങിയവ ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്.

സ്നൈക്ക്നെറ്റ് ഉപയോഗിച്ച് മത്സ്യം പിടിക്കുവാൻ അനുവാദം

23 [5399] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കോറപ്പുഴയിൽ എത്ര പേർക്ക് സ്നൈക്ക്നെറ്റ് (സ്റ്റേക്ക്നെറ്റ്) ഉപയോഗിച്ച് മത്സ്യം പിടിക്കുവാൻ അനുവാദം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) സ്റ്റേക്ക്നെറ്റിനുള്ള ലൈസൻസ് ലഭിക്കുവാൻ അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്രയാണ് എന്നും ഇത് സംബന്ധിച്ച് എന്തു നടപടികൾ സ്വീകരിച്ചുവെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) 134 പേർക്ക് അനുവാദം നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

അലങ്കാര മത്സ്യക്കൃഷി വ്യാപകമാക്കാൻ നടപടി

24 [5400] ശ്രീ. സി. കെ. നാണു:
,, കെ. പി. മോഹനൻ:
,, എ. സി. ഷൺമുഖദാസ്:
ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽനിന്ന് ലഭിക്കുന്ന അലങ്കാര മത്സ്യങ്ങൾ ഉൾപ്പെടെ സംസ്ഥാനത്ത് അലങ്കാര മത്സ്യങ്ങളുടെ ശേഖരം എവിടെയെല്ലാമാണ് ഉള്ളത്;

LIBRARY ARCHIVES Kerala Legislative Assembly